A

# സമഗ്ര ശിക്ഷാ കേരളം

# അർധവാർഷിക മൂല്യനിർണയം 2022-23

502

## മലയാളം

## കേരള പാഠാവലി

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ 6 പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും എഴുതണം. ബാക്കിയുള്ള 5 പ്രവർത്തനത്തിൽ 4 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

പ്രവർത്തനം 1 വായിക്കാം എഴുതാം

**കണ്ടുവോ ?**

കണ്ടുവോ നിങ്ങൾ
മലയാള നാടിനു
നിറമേകും മിഴിവേകും
മലനിരകൾ
കുളിരേകും നനവേകും
പാൽപ്പുഴകൾ
തണലേകും രുചിയേറും
മാമരങ്ങൾ.
കണ്ടുവോ നിങ്ങൾ
മലയാള നാടിനു
മണമേകും മധുവേകും
പൂവാടികൾ
ശ്രുതിമീട്ടും ലയമേകും
കിളിമൊഴികൾ
ഉയിരേകും പ്രിയമേകും
* മലയാണ്മകൾ.

*മലയാണ്മ - കേരളത്തനിമ

രാധാകൃഷ്ണൻ എടച്ചേരി

താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതുക.

1 മലയാളനാടിന് നിറവും മിഴിവുമേകുന്നതെന്താണ്?
   (പുഴകൾ, മാമരങ്ങൾ, മലനിരകൾ)

2. പൂവാടികളുടെ ഗുണങ്ങളായി കവിതയിൽ പറഞ്ഞിട്ടുള്ളവ എന്തെല്ലാം?
   (മണവും മധുവും നൽകുന്നത്, കുളിരും നനവും നൽകുന്നത്, തണലും രുചിയും ഏറുന്നത്)

3. മലയാളനാടിന്റെ ഉയിരായി കവി പറയുന്നതെന്താണ്?
   (കിളിമൊഴി, മലയാണ്മ, പാൽപ്പുഴ)

4. എന്തു കണ്ടുവോ എന്നാണ് കവിതയിലൂടെ കവി ചോദിക്കുന്നത്?
   (മലയാളനാടിന്റെ സൗന്ദര്യവും തനിമയും, മലയാളനാടിന്റെ അതിർത്തികൾ, മലയാളനാട്ടിലെ ജനങ്ങൾ)

5. മലയാളനാടിന് തണലും രുചിയും സമ്മാനിക്കുന്നതെന്ത്?
   (മാമരങ്ങൾ, പാൽപ്പുഴകൾ, മലനിരകൾ)

പ്രവർത്തനം 2 താരതമ്യക്കുറിപ്പ് തയാറാക്കുക

**അരിയുണ്ട തിന്ന കുട്ടിയാന**

*അതാ നിൽക്കുന്നു കുസൃതിക്കാരൻ കുഞ്ഞാന. അവന്റെ നെറ്റിയിലെ നീണ്ട രോമം പോലും കൊഴിഞ്ഞുപോയിട്ടില്ല. ആളുകളിൽ ചിലർ അവന് പഴം കൊടുക്കുന്നു. പഴക്കൊതിയനെ പറ്റിക്കാൻ ചിലർ പഴം നീട്ടി അവനെ വട്ടം ചുറ്റിക്കുന്നു. ഞാൻ ആ കാഴ്ച നോക്കിയങ്ങനെ നിന്നു. ഇടയ്ക്ക് ഒരു തോന്നലെങ്ങനെയോ മനസ്സിൽ കയറി. ഒരു അരിയുണ്ട കൊടുത്താലോ? ഒരെണ്ണം കൊടുക്കാം. ആനയുടെ തുമ്പിക്കൈയിൽ നേരിട്ട് അരിയുണ്ട വച്ചു കൊടുക്കുക! സ്കൂൾ തുറക്കുമ്പോൾ ധീരകൃത്യം കൂട്ടുകാരോട് വീറോടെ പറയാമല്ലോ. പിന്നെ അധികമൊന്നും ആലോചിച്ചില്ല. കൂടയുടെ ഒരു വശത്തെ കെട്ടിളക്കി. ഒരെണ്ണം കൈയിലെടുത്തു. പതുക്കെ നീട്ടി, അതാ ആളുകൾക്കിടയിലൂടെ തുമ്പിക്കൈ നീണ്ടുവരുന്നു. ഞാൻ കൊടുക്കുംമുമ്പ് കള്ളൻ പിടിച്ചെടുത്തുകഴിഞ്ഞു. നിമിഷനേരം കൊണ്ട് അരിയുണ്ട വിഴുങ്ങി വീണ്ടും തുമ്പിക്കൈ നീട്ടി തലയാട്ടുന്നു.*

*പി.കെ.ഗോപി*

"മയിൽപ്പീലിസ്പർശം" എന്ന കഥയിലെ ആനയും മുയലും സ്നേഹം പങ്കിടുന്നതും മുകളിൽ നൽകിയ കഥയിലെ കുഞ്ഞാനയുടെ സ്നേഹപ്രകടനവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

പ്രവർത്തനം 3 പത്രവാർത്ത തയാറാക്കുക

*ടോട്ടോച്ചാന്റെ സ്കൂളിലെത്തിയ കൃഷിമാഷെ എല്ലാവർക്കും ഇഷ്ടമായില്ലേ?*

തന്റെയൊപ്പം കൂടിയ കുട്ടികളെ അദ്ദേഹം കൃഷി രീതികൾ പഠിപ്പിച്ചത് പിറ്റേ ദിവസം പത്രത്തിൽ വാർത്തയായി വന്നു. എങ്ങനെയായിരിക്കും ആ വാർത്ത – ഒന്നെഴുതിനോക്കൂ.

പ്രവർത്തനം 4 കഥാപാത്രനിരൂപണം തയാറാക്കുക

**ശിക്ഷ**

*ഒരിക്കൽ പിശുക്കനും അത്യാഗ്രഹിയുമായ ഒരു ഉദ്യോഗസ്ഥനെ കൈക്കൂലി വാങ്ങുന്നതിനിടയിൽ പട്ടാളക്കാർ പിടികൂടി ന്യായാധിപന്റെ മുമ്പിൽ ഹാജരാക്കി. കാര്യങ്ങൾ കേട്ട ന്യായാധിപൻ അയാളുടെ മുമ്പിൽ മൂന്ന് ഉപാധികൾ വച്ചു. ഒന്നുകിൽ ഒരു വലിയ കലം പുളിവെള്ളം കുടിക്കണം. അതല്ലെങ്കിൽ ചാട്ടവാറു കൊണ്ട് അമ്പത് അടി കൊള്ളണം. അതുമല്ലെങ്കിൽ ആയിരം സ്വർണനാണയങ്ങൾ പിഴയായി കൊടുക്കണം. പിശുക്കൻ ആയതുകൊണ്ടും പണത്തോട് അത്യധികമായ ആർത്തി ഉള്ളതുകൊണ്ടും സ്വർണനാണയങ്ങൾ കൊടുക്കാൻ അയാൾ തയാറായില്ല. "ഞാൻ പുളിവെള്ളം കുടിച്ചുകൊള്ളാമേ." പക്ഷേ, കുറച്ച് പുളിവെള്ളം കുടിച്ചപ്പോഴേക്കും വല്ലാതെ പാരവശ്യം തോന്നിയിട്ട് അയാൾ വിളിച്ചു പറഞ്ഞു. "ഞാൻ അടി കൊണ്ടുകൊള്ളാം." പെട്ടെന്നു തന്നെ പട്ടാളക്കാർ ചാട്ടവാറുമായെത്തി; ഏതാണ്ട് പത്ത് അടികൊണ്ടപ്പോഴേക്കും അയാൾ നിലവിളിയോടെ പറഞ്ഞു; "എനിക്കീ വേദന സഹിക്കാൻ വയ്യേ...ഞാൻ നിങ്ങൾക്ക് സ്വർണനാണയം തന്ന് എന്റെ ശിക്ഷ അനുഭവിച്ചോളാം."*

ഈ കഥയിലെ കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ, സ്വന്തം അഭിപ്രായങ്ങൾ എന്നിവ ചേർത്ത് കഥാപാത്രനിരൂപണം തയാറാക്കുക.

**പ്രവർത്തനം 5 വായനക്കുറിപ്പ് തയാറാക്കുക**

ഒരു ദിവസം മുല്ല മുറ്റത്തുനിന്ന് വീടിന്റെ മുകളിലേയ്ക്ക് നോക്കി നിൽക്കുകയായിരുന്നു. അവിടെ മരച്ചില്ലകൾക്കിടയിലൂടെ ഒരു അപരിചിതനെ കണ്ടു. വീട്ടിൽ കള്ളൻ കയറിയെന്നുറപ്പിച്ച മുല്ല തോക്കെടുത്ത് കാഞ്ചി വലിച്ചു. "ഠോ!" ശബ്ദം കേട്ട ഭാര്യ ഓടി വന്നു. "ഉണക്കാനിട്ട ഷർട്ടിനു നേരെയാണല്ലോ നിങ്ങൾ വെടിവെച്ചത്?" ഉടൻ മുല്ലയുടെ മറുപടി. "ഹോ!" ആ ഷർട്ടിനുള്ളിൽ ഞാൻ ഇല്ലാത്തത് ഭാഗ്യം!

ഈ കഥയിലെ ആശയം, ഫലിതം എന്നിവ വിവരിച്ച് വായനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 6 (എ) കാർട്ടൂൺ വിശകലനം**

താഴെ കൊടുത്ത കാർട്ടൂൺ ആസ്വദിക്കൂ.




കെ. സതീഷ് (മണിമുത്തുകൾ)

കാർട്ടൂണിൽ നമ്മെ ചിരിപ്പിച്ചതും ചിന്തിപ്പിച്ചതുമായ കാര്യങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**(ബി)** അർഥം മനസിലാക്കി മാറ്റിയെഴുതുക.

മാതൃക : പാളവണ്ടി - പാളകൊണ്ടുള്ള വണ്ടി

കളിവണ്ടി - ..............................................................